പുസ്തകം – 8 ലക്കം – 4
മെയ് 2015
Intenet Edition:
http://www.KoloSuryoyo
syriacchristianity.info//KS.htm
stmaryscathedral.manarcad
You Tube user/manarcadpalli

KOLO SURYOYO

ST. MARY'S YOUTH ASSOCIATION MANARCAD

സെന്റ് പോൾസ് മിഷൻ ഓഫ് ഇൻഡ്യ 5–ാമത് കോട്ടയം കൺവൻഷൻ

സെന്റ് പോൾസ് മിഷൻ ഓഫ് ഇൻഡ്യ 5–ാമത് കോട്ടയം കൺവൻഷൻ അഭി. ഗീവർഗീസ് മോർ കൂറിലോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യുന്നു.

കോട്ടയം: മലങ്കര യാക്കോബായ സുറിയാനിസഭയുടെ മിഷനറി പ്രസ്ഥാനമായ സെന്റ് പോൾസ് മിഷൻ ഓഫ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ കോട്ടയം ഭദ്രാസനത്തിലെ വിവിധ ദേവാലയങ്ങളുടെ സഹകരണത്തോടുകൂടി അഞ്ചാമത് കോട്ടയം കൺവൻഷൻ മനോരമയ്ക്ക് എതിർവശമുള്ള പൊൻകുന്നം വർക്കി ഹാളിൽ മെയ് 17–ാം തീയതി ഞായറാഴ്ച നടത്തപ്പെട്ടു. മിഷൻ പ്രസിഡന്റ് അഭി. ഡോ. ഗീവർഗീസ് മോർ കൂറിലോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്ത കൺവൻഷൻ മിഷൻ വൈസ് പ്രസിഡന്റ് റവ.ഫാ. മാത്യൂസ് ചാലാപ്പുറം അദ്ധ്യക്ഷത വഹിച്ചു. മിഷനറി ഡയറക്ടർ തങ്കച്ചൻ തോമസ് കടൈക്കനാട് വചനപ്രഘോഷണം നടത്തി. യോഗത്തിൽ എം.ജെ.എസ്.എസ്.എ. പരീക്ഷയിൽ അഖില മലങ്കരാടിസ്ഥാനത്തിൽ ആറാം ക്ലാസ്സിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കിയ പ്രസീത് ജോസ് ജേക്കബിനെ അനുമോദിച്ചു.

മെയ് 29–ന് സ്ഥാനാരോഹണത്തിന്റെ ഒന്നാം വാർഷികം ആഘോഷിച്ച പരിശുദ്ധ പാത്രിയർക്കീസ് ബാവായ്ക്ക് യൂത്ത് അസോസിയേഷന്റെയും കോലോ സുറിയോയോയുടെയും പ്രാർത്ഥനാപൂർവ്വമായ മംഗളാശംസകൾ

ഹെക്കംതോ 2015

നാഷണൽ ഗെയിംസ് സ്വർണ്ണ മെഡൽ ജേതാവായ നിതിയാ എം. സണ്ണിക്ക് റവ.ഫാ.കുറിയാക്കോസ് കാലായിൽ പുരസ്കാരം നൽകുന്നു.

മണർകാട്: വി. മർത്തമറിയം യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ഏകദിന വിദ്യാരംഭ സെമിനാർ ഹെക്കംതോ 2015 മെയ് 9–ാം തീയതി ശനിയാഴ്ച നാഷണൽ ഗെയിംസിൽ സൈക്ലിംഗിൽ സ്വർണ്ണ മെഡൽ ജേതാവായ നിതിയാ എം. സണ്ണി ഉദ്ഘാടനം ചെയ്തു. പ്രസ്തുത സെമിനാറിൽ കൗൺസിലിംഗ് രംഗത്ത് വിദഗ്ധ പരിശീലനം സിദ്ധിച്ച രേണു ബാബു (വിശ്രാന്തി കൗൺസിലിംഗ് സെന്റർ, കോട്ടയം), മേരി ടോം (അനുഗ്രഹ ഫാമിലി കൗൺസിലിംഗ് സെന്റർ പാലാ), പഠന സമയത്ത് വിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങൾ, വ്യക്തിത്വ വികസനം, സാമൂഹിക അവബോധം തുടങ്ങിയ വിഷയങ്ങളിൽ വിദ്യാർത്ഥികൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകി.

കുട്ടികൾക്ക് മികച്ച വിജയം കരസ്ഥമാക്കുന്നതിനും സാമൂഹിക അവബോധം വളർത്തുന്നതിനും കുടുംബാന്തരീക്ഷം രൂപപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും മാതാപിതാക്കൾക്ക് പ്രത്യേക ക്ലാസ്സുകൾ ഉണ്ടായിരുന്നു. ഇന്റർനെറ്റ്, മൊബൈൽ ഫോൺ എന്നിവ കുട്ടികൾക്ക് നൽകുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ചും വിശദീകരിച്ചു. പങ്കെടുത്ത എല്ലാവർക്കും ഉച്ചഭക്ഷണം നൽകി.

വിദ്യാർത്ഥികൾക്കും, മാതാപിതാക്കൾക്കും പേഴ്സണൽ കൗൺസിലിംഗിനുള്ള സൗകര്യം ഉണ്ടായിരുന്നു.

അഡ്മിഷൻ ഫോമിൽ ഉൾപ്പെടുത്തിയിരുന്ന ചിത്രത്തിന് മികച്ച കളർ നൽകിയ വിദ്യാർത്ഥികൾക്ക് പ്രത്യേക ഉപഹാരങ്ങൾ നൽകി. നിരവധി വിദ്യാർത്ഥികളും മാതാപിതാക്കളും സെമിനാറിൽ സംബന്ധിച്ചു.

അഖില മലങ്കര മർത്തമറിയം വനിതാ സമാജം വാർഷിക സമ്മേളനം

അഖില മലങ്കര മർത്തമറിയം വനിതാ സമാജം വാർഷിക സമ്മേളനം വെള്ളൂർ സെന്റ് തോമസ് പള്ളിയിൽ ശ്രേഷ്ഠ കാതോലിക്കാ ബാവാ ആബൂൻ മോർ ബസേലിയോസ് തോമസ് പ്രഥമൻ ബാവ ഉദ്ഘാടനം ചെയ്തു. സ്ത്രീകൾ ദൈവിക സ്നേഹം പകരുന്നവരായിരിക്കണം. കഷ്ടതയിലും ദൈവത്തോട് ചേർന്ന് നിൽക്കുവാനും, മക്കളെ മാതൃകാപരമായി വളർത്തുവാനും കഴിയണം. കുടുംബത്തിന്റെ വിളക്കാണ് സ്ത്രീകളെന്ന് ബാവാ പറഞ്ഞു.

അഖില മലങ്കര മർത്തമറിയം സമാജം പ്രസിഡന്റ് ഡോ. മാത്യൂസ് മോർ അന്തിമോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. കോട്ടയം ഭദ്രാസനാധിപൻ തോമസ് മോർ തീമോത്തിയോസ് മെത്രാപ്പോലീത്താ അനുഗ്രഹപ്രഭാഷണം നടത്തി. മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ വിവാഹ സഹായനിധി ഉദ്ഘാടനം ചെയ്തു. വികാരി ഫാ. തോമസ് കണ്ടാന്തറ തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു. ഫാ. കുര്യൻ മാത്യു വടക്കേപ്പറമ്പിൽ, ഡോ. റൂബിൾ രാജ് എന്നിവർ ബൈബിൾ ക്ലാസ്സുകൾ നയിച്ചു. കോട്ടയം ഡി. വൈ. എസ്. പി. അജിത്ത് ലഹരി പദാർത്ഥങ്ങൾ സമൂഹത്തിന് വിപത്ത് എന്ന വിഷയത്തെക്കുറിച്ച് ബോധവൽക്കരണ ക്ലാസ് എടുത്തു.

22 വിദ്യാർത്ഥികൾക്ക് എല്ലാ വിഷയത്തിനും എ+, സെന്റ് മേരീസ് ഹയർ സെക്കൻഡറിക്ക് ചരിത്രവിജയം

മണർകാട്: ഹയർസെക്കൻഡറി പരീക്ഷയിൽ മണർകാട് സെന്റ് മേരീസ് ഹയർസെക്കൻഡറി സ്കൂളിന് വിജയത്തിളക്കം. 22 വിദ്യാർത്ഥികൾ എല്ലാ വിഷയങ്ങൾക്കും എ+ നേടി. ബയോളജി, കംപ്യൂട്ടർ സയൻസ്, കൊമേഴ്സ്, ഹ്യൂമാനിറ്റീസ് കോമ്പിനേഷനുകളിലായി 90% വിദ്യാർത്ഥികൾ വിജയിച്ചു. 22 വിദ്യാർത്ഥികൾ എല്ലാ വിഷയങ്ങൾക്കും എ+ നേടിയത് കൂടാതെ 19 വിദ്യാർത്ഥികൾ ഒരു വിഷയത്തിനൊഴികെ മറ്റെല്ലാ വിഷയങ്ങൾക്കും എ+ നേടി സ്കൂളിന്റെ വിജയത്തിന് മാറ്റ് കൂട്ടി. അഗത കുര്യൻ, ആഷ്ലി സൂസൻ ഇട്ടി, ഐറിൻ സൂസൻ മാത്യു, സൗമ്യ സുകുമാർ, അഭിഷേക് മോഹൻ എന്നീ വിദ്യാർത്ഥികൾ 98 ശതമാനത്തിലുമധികം മാർക്ക് നേടി സ്കൂളിന്റെ അഭിമാനമായി. 59 വിദ്യാർത്ഥികൾക്ക് 90% മാർക്ക് ലഭിച്ചു.

വിദ്യാഭ്യാസത്തിലൂടെ വ്യക്തി ത്വവികസനം എന്ന ലക്ഷ്യവുമായി മുന്നേറുന്ന സ്കൂൾ പാഠ്യ രംഗത്തും സാമൂഹ്യസേവനരംഗത്തും നന്മയുടെ നല്ലപാഠങ്ങൾ രചിക്കുകയാണ്. തുടർച്ചയായി രണ്ടു തവണ മനോരമ നല്ലപാഠം പുരസ്കാരങ്ങൾ, അധ്യാപക അവാർഡുകൾ, ഗ്രീൻ ആന്റ് ക്ലീൻ സ്കൂൾ പുരസ്കാരം, മനോരമ ഓൺലൈനിന്റെ സീറോ വേസ്റ്റ് = 100 മാർക്ക്സ് അവാർഡ് എന്നിവ നേടിയതിനൊപ്പം പഠനരംഗത്തും കഠിനാധ്വാനത്തിലൂടെ വിദ്യാർത്ഥികൾ മികച്ച വിജയം നേടി നാടിന് മാതൃക ആയി. സ്കൂൾ മാനേജ്മെന്റ്, പി. റ്റി. എ. സ്റ്റാഫ്, വിദ്യാർത്ഥികൾ എന്നിവരുടെ കൂട്ടായ പ്രയത്നത്തിന്റെ ഫലമാണ് ഈ വിജയത്തിളക്കമെന്ന് പ്രിൻസിപ്പൽ സോജി ഏബ്രഹാം പറഞ്ഞു.

മണർകാട് പള്ളിയിൽ വി. ഗീവറുഗീസ് സഹദായുടെ പെരുന്നാൾ സമാപിച്ചു

മണർകാട്: ആണ്ടുതോറും നടത്തിവരാറുള്ള വി. ഗീവറുഗീസ് സഹദായുടെ പെരുന്നാൾ ഈ വർഷവും മെയ് 5, 6 തീയതികളിൽ നടത്തപ്പെട്ടു. പെരുന്നാളിനോടനുബന്ധിച്ച് 5-ാം തീയതി വൈകിട്ട് റാസ, കരിമരുന്നു പ്രയോഗം, മാർഗ്ഗംകളി എന്നിവ ഉണ്ടായിരുന്നു. പെരുന്നാൾ ദിവസം രാവിലെ 9 മണിക്ക് അഭിവന്ദ്യ യൂഹാനോൻ മോർ മിലിത്തിയോസ് മെത്രാപ്പോലീത്ത വി.കുർബ്ബാന അർപ്പിച്ചു. ഉച്ചയ്ക്ക് 2 മണിക്ക് റാസാ തുടർന്ന് നേർച്ച വിളമ്പ് എന്നിവയും നടത്തപ്പെട്ടു.

പുതുപ്പള്ളി പാത്രിയർക്കാ പള്ളി പെരുന്നാൾ സമാപിച്ചു

കോട്ടയം: വി. ഗീവറുഗീസ് സഹദായുടെ നാമത്തിൽ പണികഴിപ്പിച്ചിട്ടുള്ള പുതുപ്പള്ളി പാത്രിയർക്കാ പള്ളിയിൽ മെയ് 9, 10 തീയതികളിൽ വി. ഗീവറുഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ നടത്തപ്പെട്ടു. മെയ് 3-ാം തീയതി അഭി.തോമസ് മോർ തീമോത്തിയോസ് തിരുമനസ്സുകൊണ്ട് രാവിലെ 8.30-ന് വിശുദ്ധ കുർബ്ബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് 4 മണിക്ക് സെന്റ് ആദായീസ് പള്ളിയിൽനിന്നും കൊടിമരം സ്വീകരിച്ച് ആനയിച്ചതിനെ തുടർന്ന് അഭി. തോമസ് മോർ തീമോത്തിയോസ് തിരുമനസ്സുകൊണ്ട് പെരുന്നാൾ കൊടിയേറ്റ് നിർവ്വഹിച്ചു. 9-ാം തീയതി വൈകിട്ട് 7.30-ന് പുതുപ്പള്ളി കവലചുറ്റി റാസാ ഉണ്ടായിരുന്നു. 10-ാം തീയതി വിശുദ്ധകുർബ്ബാനയ്ക്ക്ക്നായ അതിഭദ്രാസനത്തിന്റെ അഭിവന്ദ്യ കുര്യാക്കോസ് മോർ സേവേറിയോസ് മുഖ്യ കാർമ്മികത്വം വഹിച്ചു വി.കുർബ്ബാനാനന്തരം റാസാ, നേർച്ചസദ്യ എന്നിവ ക്രമീകരിച്ചിരുന്നു.

സണ്ടേസ്കൂൾ വാർഷികം

മണർകാട് വിശുദ്ധ മർത്തമറിയം കത്തീഡ്രലിന്റെ കീഴിൽ പ്രവർത്തിക്കുന്ന കുഴിപ്പുരയിടം, പറമ്പുകര, പത്താഴക്കുഴി, മാലം സണ്ടേസ്കൂളുകളുടെ വാർഷികങ്ങൾ അതാത് സണ്ടേസ്കൂളുകളിൽ നടത്തപ്പെട്ടു. മെയ് 17, 24 തീയതികളിൽ നടത്തപ്പെട്ട വാർഷികങ്ങളിൽ മണർകാട് പള്ളി വികാരി, സഹവികാരിമാർ, പള്ളി ട്രസ്റ്റിമാർ, സണ്ടേസ്കൂൾ അസോസിയേഷൻ ഭാരവാഹികൾ തുടങ്ങിയവർ സംബന്ധിച്ചു.

ആരാധനാസഹായി

ധൂപകലശത്തിന്റെ സ്വർഗീയ രഹസ്യം

പ്രാർത്ഥനകളും സ്വർഗീയ ഗീതങ്ങളും ദേവാലയത്തെ വിശുദ്ധീകരിക്കുമ്പോൾ അവിടെ നിൽക്കുന്ന വിശ്വാസ സമൂഹത്തിന്റെ നിശ്വാസങ്ങളെപ്പോലും ശുദ്ധീകരിക്കുന്ന കുന്തിരക്കത്തിന്റെ അഭൗമ്യമായ സുഗന്ധം മറക്കാനാവാത്ത ഒരു അനുഭൂതി

യാണ്. എന്നാലീ ധൂപക്കുറ്റിയും അതിനുള്ളിൽ അടങ്ങിയിരിക്കുന്ന വസ്തുക്കളും എന്തിനെയൊക്കെ അനുസ്മരിപ്പിക്കുന്നുവെന്നും ഇതിന്റെ പ്രത്യേകതകളെന്തെന്നും നാം ആവശ്യം അറിഞ്ഞിരിക്കേണ്ട ഒരു സംഗതിയാണ്. വിശുദ്ധ ബൈബിളിൽ എഴുതിച്ചേർത്തിരിക്കുന്നതുപോലെ യെരുശലേം ദേവാലയത്തിൽ അതിന്റെ വിശുദ്ധ സ്ഥലത്ത് ധൂപപീഠമുണ്ടായിരുന്നു. ഇതിന്റെ തുടർച്ചയായി നാമും ധൂപാർപ്പണം ആരംഭിച്ചു. ഇതിനായി ഉപയോഗിക്കുന്ന ഉപകരണമാണ് ധൂപക്കുറ്റി. ഈ ധൂപക്കുറ്റിക്ക് കരിയിടുന്നതിന് ഒരു തട്ടും അതിനു മുകളിൽ മറ്റൊരു തട്ടും ഇതു രണ്ടും കൂടി ബന്ധിപ്പിച്ചുകൊണ്ട് നാലു ചങ്ങലകളും ഒരു കൈപ്പിടിയുമുണ്ട്. നാലു ചങ്ങലകളുമായി 12 ചെറിയ മണികളും കോർത്തിട്ടുണ്ട്.

ധൂപക്കുറ്റി ഈ പ്രപഞ്ചത്തെ അനുസ്മരിപ്പിക്കുന്നു. കീഴ്ത്തട്ട് ഭൂമിയേയും, മുകൾത്തട്ട് ആകാശത്തേയും സൂചിപ്പിക്കുന്നു. കീഴ്ത്തട്ട് കന്യകയുടെ ഗർഭപാത്രത്തേയും അതിലുള്ള തീ ഉദരത്തിൽ ഇറങ്ങിവസിച്ച ദൈവത്തേയും പ്രതിനിധാനം ചെയ്യുന്നു. മോശ കണ്ട മുൾപടർപ്പിനെ തീ നശിപ്പിക്കാതിരുന്നതുപോലെ ദൈവത്തിന്റെ മനുഷ്യാവതാരത്താൽ കന്യകയ്ക്ക് ഒരു ന്യൂനതയുമുണ്ടായില്ല. മനുഷ്യവർഗ്ഗത്തിന്റെ പാപത്തെ കീഴ്ത്തട്ടിൽ നിറയ്ക്കുന്ന കരി സൂചിപ്പിക്കുന്നു. അഗ്നി പരിശുദ്ധാത്മാവിന്റെ പ്രതീകമാണ്. കരി അഗ്നിയാൽ വെന്തു ചുവക്കുന്നതുപോലെ പാപിയായ മനുഷ്യനും പരിശുദ്ധാത്മാവിന്റെ ശക്തിയാൽ രൂപാന്തരപ്പെടുന്നു. ഇതിനെ ബന്ധിപ്പിച്ചിരിക്കുന്ന ചങ്ങലകൾ സാർവ്വലൗകീകതയേയും പ്രപഞ്ചത്തിന്റെ നാലു ദിക്കുകളെയും സൂചിപ്പിക്കുന്നു. എന്നാൽ പരിശുദ്ധ സഭയിൽ ഇതിനു മറ്റൊരു വ്യാഖ്യാനവും ഈ ചങ്ങലകൾക്കു നൽകപ്പെടുന്നു. കുർബ്ബാന മദ്ധ്യേ ധൂപക്കുറ്റി വാഴ്ത്തുന്ന സമയത്തു ചെയ്യുന്നതുപോലെ ഒന്നാമത്തെ ചങ്ങല പിതാവാം ദൈവത്തെയും രണ്ടും മൂന്നും ചങ്ങലകൾ യേശുക്രിസ്തുവിന്റെ മനുഷ്യത്വത്തേയും ദൈവത്വത്തേയും നാലാമത്തെ ചങ്ങല പരിശുദ്ധാത്മാവിനേയും സൂചിപ്പിക്കുന്നു.

ചങ്ങലയിലെ ഓരോ കണ്ണികളും ഓരോ തലമുറയെ പ്രതിനിധാനം ചെയ്യുന്നു. ചങ്ങലയിലെ പന്ത്രണ്ട് മണികൾ കർത്താവിന്റെ വിശുദ്ധ ശിഷ്യന്മാരേയും സഭയിൽ മുഴങ്ങുന്ന അപ്പോസ്തോലിക ശബ്ദത്തേയും അനുസ്മരിപ്പിക്കുന്നു. എന്നാൽ ഇതിൽ നിന്നും ഉയരുന്ന ധൂപം ദൈവസന്നിധിയിൽ മധുരസൗരഭ്യമായി ഉയർത്തുന്ന വിശ്വാസികളുടെ ജീവനും പ്രാർത്ഥനയുമാകുന്നു. വിശുദ്ധ കുർബ്ബാനയിൽ ധൂപക്കുറ്റി വാഴ്ത്തുമ്പോൾ വിശുദ്ധത്രിത്വത്തിലുള്ള വിശ്വാസം പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്. ധൂപാർപ്പണം മനുഷ്യരുടേയും പ്രകൃതിയുടേയും ദൈവസന്നിധിയിലുള്ള ആത്മാർപ്പണത്തിന്റെ പ്രതീകമാണ്. ദൈവത്തിന് സ്വീകാര്യമായ ധൂപം വിശുദ്ധ ജീവിതമാണ്. ധൂപത്തിന്റെ സുഗന്ധത്താൽ ദേവാലയം നിറയുന്നതുപോലെ വിശ്വാസികളുടെ ജീവിതം ദൈവസ്നേഹവും നന്മയും കൊണ്ട് നിറയണം. ധൂപാർപ്പണം സ്വർഗ്ഗത്തിലേക്കുയരുന്ന പ്രാർത്ഥനയുടെ പ്രതീകമായിട്ടും കരുതാം. സഭയുടെ പ്രാർത്ഥന വിശുദ്ധന്മാരുടെ പ്രാർത്ഥനയോടൊപ്പം ഒരു സുഗന്ധമായി ദൈവസന്നിധിയിലേക്ക് ഉയരുന്നു.

സമാധാനദൂതൻ

ഡോ. ഡി. ബാബുപോൾ

ഇരുപത്തിയഞ്ച് സംവത്സരങ്ങൾക്കപ്പുറത്തെ ഒരു സായാഹ്നം. ദമാസ്കസിന്റെ പ്രാന്തപ്രദേശത്തുള്ള ഇപ്പോഴത്തെ അരമന സമുച്ചയം പണിതുവരുന്നതേയുള്ളു. ഭാഗ്യസ്മരണാർഹനായ സാഖാ ബാവയോടൊപ്പം ആ കുന്നിൻ പുറത്തുകൂടി നടക്കവെ ഞാൻ കുസൃതി ചോദ്യം തൊടുത്തു. ആരായിരിക്കും അവിടുത്തെപിൻഗാമി?

സാഖാ ബാവയുടെ മുൻഗാമി വാഴിച്ച മെത്രാൻമാരിൽ ഇളമുറക്കാരായ രണ്ടുപേർ എല്ലാവരുടേയും മനസ്സിൽ തെളിയുമായിരുന്ന കാലം . ഒന്ന് അലപ്പോയിലെ ഗ്രിഗോറിയസ്. മറ്റേത് ഹോളണ്ടിലെ യൂലിയോസ്. ഇവരിൽ ആരെയാണ് ഇഷ്ടം.

പ്രവചനം എന്ന് ഇന്ന് തോന്നുമാറ് അന്ന് സാഖാ ബാവ പറഞ്ഞു. എന്റെ ഇഷ്ടം പ്രസക്തമല്ല. ദൈവം കാണിച്ചു തരും. എന്നാൽ എനിക്ക് ദീർഘായുസ്സുണ്ടായാൽ ഇവർ രണ്ടുപേരും ആയിരക്കണമെന്നില്ല എന്റെ പിൻഗാമി ഇപ്പോൾ ഞാൻ പരിശീലിപ്പിച്ചുകൊണ്ടിരിക്കുന്ന സന്യാസിമാരിൽ ആരെങ്കിലുമാവാം അത്!

പിന്നീടൊരിക്കൽ ബബ്തൂമയിലെ പഴയ അരമനയിൽ വെച്ച് അപ്രേം കരിം റമ്പാൻ പാത്രിയാർക്കീസിന്റെ സെക്രട്ടറിയായിരുന്ന കാലത്ത് സഖാബാവാ യോഹന്നാന്റെ സുവിശേഷം ഒന്നാം അധ്യായം ഉദ്ധരിച്ചു. റമ്പാൻ ഏതോ ഫയലുമായി വന്ന് മടങ്ങിയ നേരത്താണ്. യോഹന്നാൻ 1:26 എന്നാണ് പറഞ്ഞത്. ആ മുഖത്തെ അർദ്ധമന്ദഹാസം ഇപ്പോഴും മനോമുകുരത്തിൽ തെളിയുന്നു. വാക്യം ഓർമ വരായകയാൽ മേശപ്പുറത്തിരുന്ന ബൈബിൾ തുറന്ന് ഞാൻ വായിച്ചു. നിങ്ങൾ അറിയാത്ത് ഒരുത്തൻ നിങ്ങളുടെയിടയിൽ നിൽക്കുന്നുണ്ട്. തുടർന്ന് ബാവാ മൊഴിഞ്ഞു. ഐ ഡോണ്ട് നോ. ഹും ആം ഐ? ബട്ട് ദിസ് മങ്ക് ഈസ് ഗുഡ്!(എനിക്കറിഞ്ഞു കൂടാ. അറിയാൻ ഞാൻ ആരാണ്? എന്നാൽ ഈ സന്യാസി യോഗ്യനാണ്.) പ്രവചനം പോലെ അത് ഫലിച്ചു. ഗ്രിഗോറിയസ് ഭീകരവാദികളുടെ പിടിയിലായി. യുലിയോസ് കാറപകടത്തിൽ മരിച്ചു യോഗ്യനായ ആ സന്യാസി ഒടുവിൽ പിൻഗാമിയുമായി! അപ്രേം ബാവ ആയുഷ്കാല തപസ്സിന് ഒരുങ്ങിയ കഥ വില്യം ഡാൽറിമ്പിൾ എഴുതിയിട്ടുണ്ട്. പണ്ട് ഒരു സ്തൂപത്തിന് മുകളിൽ പ്രാർത്ഥന നിരതനായി ആയുഷ്കാലം കഴിച്ച ഒരു വിചിത്ര സന്യാസിയുണ്ടായിരുന്നു ശെമവൂൻ ദെസ്തൂനെ. അദ്ദേഹത്തിന്റെ ആശ്രമം അപ്രേം ബാവയുടെ ഗുരു ഗ്രിഗോറിയസ് പുനരുദ്ധരിക്കാൻ ശ്രമിക്കുന്ന കാലത്തായിരുന്നു ഡാൽറിമ്പിളിന്റെ അഭിമുഖം. ഇക്കാലത്ത് ആരാണ് തൂണിന് മേൽ തപസിരിക്കുക എന്ന് സായിപ്പ് ചോദിച്ചപ്പോൾ ഗ്രീഗോറിയസ് മറുപടി പറഞ്ഞു. ആളുണ്ട് ഇപ്പോൾ അയർലഡിൽ പഠിക്കുകയാണ്. പേർ ഫാ. അപ്രേം കരിം (ഫ്രം ദി ഹോളി മൗണ്ടൻ എന്ന പുസ്തകത്തിൽ 149 -ാം പേജ്).

ദൈവനിയോഗം മറ്റൊന്നായിരുന്നു ഫാ. അപ്രേം മെത്രാനായി. മാർ കുറിലോസ് അപ്രേം കരിം. സുറിയാനി പാരമ്പര്യത്തിൽ വളർന്ന് കോപ്റ്റിക് പാരമ്പര്യത്തിൽ വൈദിക വിദ്യാഭ്യാസം തുടങ്ങി. അയർലഡിലെ ശക്തമായ കാത്തോലിക്കാ പാരമ്പര്യത്തിൽ പഠിച്ച് പി. എച്ച്. ഡി. എടുത്തയാളെ ദൈവം ആധുനീകതയുടെ അവസാനവാക്കായ അമേരിക്കയിലെ മെത്രാനാക്കി. കുടിയേറ്റക്കാരായ സുറിയാനിക്കാരെ അമേരിക്കയുടെ ഉപ്പാക്കി മാറ്റാനും (നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു എന്ന് ക്രിസ്തു വാക്യം) അവരുടെ മക്കളെ പാരമ്പര്യം മറക്കാത്ത അത്യാധുനീകരാക്കി വളർത്തിയെടുക്കാനും ആയുവ മെത്രാന് കഴിഞ്ഞു.

യഹൂദ സംസ്കാരത്തെ റോമൻ സംസ്കാരവുമായി ബന്ധിപ്പിക്കാൻ ദൈവം തിരഞ്ഞെടുത്ത സെന്റ് പോളിനെപ്പോലെ പാശ്ചാത്യ ലോകത്തിലെ പത്മവ്യൂഹത്തിൽ ഉഴലാതെ പൗരസ്ത്യ പാരമ്പര്യത്തിന്റെ മഹത്വം തിരിച്ചറിയാൻ അമേരിക്കയിലെ സിറിയൻ കുടിയേറ്റക്കാർക്കായി ദൈവം തിരഞ്ഞെടുത്ത മെത്രാനാണ് ഭാഗ്യവാനും ദൈവത്താൽ നിലനിർത്തപ്പെട്ടു പോരുന്നവനും ആയ ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ എന്ന പാത്രിയാർക്കീസ് ആയത്. പഞ്ചതന്ത്രത്തിൽ ഇക്ഷോരഗ്രാത് ക്രമശ: എന്നൊരു പ്രയോഗം ഉണ്ട്. ഓരോതലത്തിലും ഗുണം വർദ്ധിക്കുന്ന അനുഭവം. ക്ഷീരബല ആവർത്തിക്കുമ്പോലെ എന്ന് പറയറില്ലേ? അതുതന്നെ. നല്ല ശെമ്മാശൻ കുറേക്കുടെ നല്ല സന്യാസി അതിലും മേന്മേറിയ വൈദികൻ ലക്ഷം പേർക്കിടയിൽ ലക്ഷണമൊത്തവനായ മെത്രാൻ ഇപ്പോൾ ഇതാ പാത്രിയാർക്കീസും.

ഇന്നും ഈ ആയുഷ്ക്കാലത്തും നമ്മുടെ അദ്ധ്യക്ഷനായിരുന്ന് നാല് ഭാഗങ്ങളിലുമുള്ള ദൈവത്തിന്റെ വിശുദ്ധ സഭയെ മേയിച്ചു ഭരിക്കുന്ന ഭാഗ്യവാനും ദൈവത്താൽ നിലനിർത്തപ്പെട്ടു പോരുന്നവനും എന്നാണ് ഓർത്തഡോക്സ് പാരമ്പര്യത്തിലെ സമ്പ്രദായത്തിൽ അന്ത്യോഖ്യാ പാത്രിയാർക്കീസിനെ വിശേഷിക്കുന്നത്. സാർവത്രിക സഭയുടെ ഇടയനും ഭരണകർത്താവും ആകാൻ ഭാഗ്യം ലഭിച്ചവനെന്ന വിശേഷണവും ആ ഭാഗ്യത്തിന്റെ ഉറവിടം ഈശ്വരനാണ് എന്ന തിരിച്ചറിവും ആണ് ഈ വാക്കുകൾ സൂചിപ്പിക്കുന്നത്. ലോട്ടറി അടിക്കുന്നവന്റെ ഭാഗ്യമല്ല അത്. ഈശ്വരൻ തിരെഞ്ഞെടുത്തു എന്നതാണ് ഇവിടെ ഭാഗ്യം. ദൈവം മനുഷ്യാവതാരം ചെയ്തപ്പോൾ അതിനുവഴിയൊരുക്കാനായി ദിവ്യ ഗർഭം ഏറ്റുവാങ്ങിയത് മറിയം എന്ന ബാലിക ആയിരുന്നു എന്നാണ് ക്രിസ്തീയ വിശ്വാസം. തന്നെ കാത്തിരിക്കുന്ന ഭാവി എന്താണ് എന്നറിയാതെ നിയോഗം ഏറ്റുവാങ്ങിയപ്പോൾ സ്വയം വിശേഷിപ്പിച്ചത് ഭാഗ്യവതി എന്നായിരുന്നു. ആ ആശയം ആണ് സഭ അതിന്റെ ദൃശ്യ തലവന് വേണ്ടി പ്രാർത്ഥിക്കുമ്പോൾ ഉപയോഗിക്കുന്നത് ഭാഗ്യവാനായ പാത്രിയാർക്കീസ് മോറാൻ മോർ ഇഗ്നാത്തിയോസ് അപ്രേം ദ്വീതീയൻ ഭാരത സന്ദർശനം കഴിഞ്ഞ് മടങ്ങി . പന്ത്രണ്ട് ശിഷ്യൻമാരിൽ പ്രധാനിയായിരുന്ന പത്രോസിന്റെ പിൻഗാമി പന്ത്രണ്ട് നാൾ ഈ പുണ്യഭൂമിയിൽ സ്നേഹത്തിന്റെയും സദ്വാർത്തയുടെയും സുവിശേഷ വാഹകനായി ഉണ്ടായിരുന്നു. ക്രിസ്തു മതത്തിലെ ഒരു വൈദിക മേലദ്ധ്യക്ഷൻ എന്ന നിലയിൽ ചെറുതും വലുതമായ നിരവധി മതപ്രസംഗങ്ങൾ ഈ ദിവസങ്ങളിൽ അദ്ദേഹം നടത്തി. ഓരോന്നും അവിടുത്തെ പാണ്ഡിത്യം വിളിച്ചോതി . കോപ്റ്റിക് സുറിയാനി , കത്തോലിക്കാ വേദ പാഠശാലകളിലെ കുറ്റമറ്റതും സുദീർഘവുമായ അഭ്യസനം സ്വയത്തമായ അദ്ദേഹം പൊതു സമൂഹത്തിന് താല്പര്യം ഉള്ള മൂന്ന് ആശയങ്ങൾ മൂന്ന് പ്രധാന പ്രസംഗങ്ങളിലൂടെ പങ്കുവെച്ചു.

ഒന്നാമതായി ബാവാ അടിവരയിട്ട് പറഞ്ഞത് ഭാരതീയ സമൂഹത്തിന്റെ ബഹുസ്വരഭാവത്തെക്കുറിച്ചാണ് രണ്ടായിരും വർഷങ്ങൾക്കപ്പുറം തോമാശ്ലീഹ ഭാരതത്തിൽ വന്നത് ഇവിടുത്തെ നാട്ടുകാരെ തേടി ആയിരുന്നില്ല്. മുസിരിസിലെ റോമൻ വാണിജ്യവുമായി ബന്ധപ്പെട്ട് കേരളത്തിൽ താമസിച്ചിരുന്ന യഹൂദരെ സുവിശേഷം അറിയിക്കുകയായിരുന്നു ലക്ഷ്യം. ശിക്ഷ്യ പ്രമുഖനായി പത്രോസ്, റോമൻ സൈനാധിപനായ കൊർണേലിയൂസിനെ സ്വീകരിച്ചത് മുതൽ അയഹൂദർക്കും സഭ പ്രാപ്യമായി. അതാകട്ടെ തോമാശ്ലീഹാ കേരളത്തിലെത്തിയതിന് ശേഷം ആയിരുന്നു താനും. എങ്കിലും ഈ നാട്ടിലെ കുറെ ആളുകളെങ്കിലും ഈ പുതിയ വേദഭാഷ്യം കേട്ടുകാണും. അവർ ക്രിസ്ത്യാനികളായിട്ടുണ്ടാവാം അതായത് ഒന്നാം നൂറ്റാണ്ട് മുതൽ ക്രിസ്തു മതം ഒരു ഭാരതീയ മതം കണക്കെ ആയി പിന്നീടങ്ങോട്ട് നാലാം നൂറ്റാണ്ടിലും എട്ടാം നൂറ്റാണ്ടിലും രണ്ട് സിറിയൻ കുടിയേറ്റങ്ങൾ ഉണ്ടായി.

പത്ത് പതിനൊന്ന് നൂറ്റാണ്ടുകളിൽ കൊല്ലം അന്തർദേശീയ വാണിജ്യത്തിന്റെ കേന്ദ്രം ആയ

(ശേഷം പേജ് 6-ൽ)

അറിയിപ്പ്

കഴിഞ്ഞ 8 വർഷക്കാലമായി പ്രസിദ്ധീകരിച്ചുവരുന്ന കോലോസുറിയോയോയുടെ പ്രവർത്തനങ്ങളിൽ സഹകരിക്കുന്നവർക്ക് നന്ദിരേഖപ്പെടുത്തുന്നു. സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽനിന്നുമുള്ള പരസ്യങ്ങളിലൂടെയും സംഭാവനകളിലൂടെയുമാണ് കോലോസുറിയോയോ സൗജന്യമായി നിങ്ങളുടെ കൈകളിലെത്തുന്നത്. പ്രസിദ്ധീകരിക്കുവാൻ ആഗ്രഹിക്കുന്ന വാർത്തകളും ചിത്രങ്ങളും എല്ലാമാസവും 20-ാം തീയതിക്കു മുമ്പായി യൂത്ത് അസോസി യേഷൻ ഓഫീസിലോ യൂത്ത് അസോ. ഭാരവാഹികളെയോ ഏൽപ്പിക്കേണ്ടതാണ്. അതോടൊപ്പം ബന്ധപ്പെടുവാനുള്ള ഫോൺ നമ്പരുകൾ കൂടി രേഖപ്പെടുത്തേണ്ടതാണ്. ബന്ധപ്പെടേണ്ട നമ്പരുകൾ ജോജോ ജെ. തോമസ് മാളിയേക്കൽ (സെക്രട്ടി) - 9633951621, സുരേഷ് ജോൺ കൈപ്പള്ളിൽ (ചീഫ് എഡിറ്റർ) - 9446073942

കോലോ സുറിയോയോയുടെ വെബ് സൈറ്റ്

http://www.syriacchristianity.info/KoloSuryoyo/KS.htm

വരനെ ആവശ്യമുണ്ട്

ക്രിസ്ത്യൻ യുവതി, 30 വയസ്, 158 സെ.മീ പൊക്കം, ഇരുനിറം, ബി.എസ്.സി. നേഴ്സ്, സൗദിമിനിസ്ട്രിയിൽ, ജൂലൈയിൽ നാട്ടിൽവരും. ഫോൺ: 9746596533, 9496464299

വധുവിനെ ആവശ്യമുണ്ട്

യാക്കോബായ യുവാവ്, 28 വയസ്, 163 സെ.മീ, എം.എസ്.സി. കംപ്യൂട്ടർ, എം.ആർ.എഫിൽ സൂപ്പർവൈസർ. ഫോൺ: 9142079951, 9445009151

യാക്കോബായ യുവാവ്,പുരാതന കുടുംബം, 38 വയസ്, 164 സെ.മീ, നല്ല സാമ്പത്തികം, പ്രൈവറ്റ് ജോലി. ഫോൺ: 9447853596

യാക്കോബായ യുവാവ്, 29 വയസ്സ്, 168 സെ.മി.പൊക്കം, ബി. കോം., ദുബായിൽ ഓയിൽ കമ്പനിയിൽ ജോലി. അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.

ഫോൺ: 8547515512

യാക്കോബായ യുവാവ് 27/175 സെ.മീ, സൗദി അൽബഹായിൽ ജോലി. ഇടത്തരം കുടുംബം, ആഗസ്റ്റ് പകുതിയോടുകൂടി നാട്ടിലെത്തും. ബി. എസ്. സി. നേഴ്സ് ജോലിയുള്ളവരെ താൽപ്പര്യപ്പെടുന്നു. ഫോൺ: 9562295516, 9656470810

ദുഖ്റോനോ

അഭി. ഫിലിപ്പോസ് മോർ ഈവാനിയോസ്
വെള്ളൂർ
മെയ് 8

അഭി. മർക്കോസ് മോർ കൂറിലോസ്
പങ്ങട, പാമ്പാടി
മെയ് 30



വെരി. റവ. ഏബ്രഹാം കോർഎപ്പിസ്കോപ്പാ
കരിമ്പനത്തറ
മെയ് 18

21-ാം ചരമവാർഷികം
26.05.2015

പി. എസ്. കുറിയാക്കോസ് പീടിയേക്കൽ

Inserted by: ***Sajan Peediackal***

പാത്രിയർക്കീസ് ബാവായുടെ ജന്മദിനത്തോടനുബന്ധിച്ച് യൂത്ത് അസോസിയേഷൻ ലഡു വിതരണം നടത്തുന്നു.

ഹെക്കംതോയിൽ പങ്കെടുത്ത വിദ്യാർത്ഥികൾ

ഹയർ സെക്കണ്ടറി പരീക്ഷയിൽ എല്ലാവിഷയത്തിനും എ+ നേടിയ വിദ്യാർത്ഥികൾ

SOUMYA SUKUMARAN

RINU MARY GEORGE

ALBY IPE

ASHLEY SUSAN ITTY

INDU MARY JOHN

AGATHA KURIAN

TEENU RAJAN

SHEEBA V. ABRAHAM

MERIN ANN PHILIP

ATHIRA S.

CHANCHAL R.

GOPIKA GOPAN

ALEENA ELSA TOM

ESTHER MARY JACOB

IRENE SUSAN MATHEW

SHEBA ABRAHAM

SNEHAMOL

SUMI MARY SHIBU

ALEENA MANI

MIDHUN VIJAYAN

ABHISHEK MOHAN

SREELAKSHMI S.

മണർകാട് സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂളിൽനിന്ന് +2 പരീക്ഷയിൽ ഉന്നതവിജയം നേടിയ എല്ലാ വിദ്യാർത്ഥികൾക്കും വി.മർത്തമറിയം യൂത്ത് അസോസിയേഷന്റെയും കോലോ സുറിയോയുടെയും അനുമോദനങ്ങൾ

ഭദ്രാസന അടിസ്ഥാനത്തിൽ ഏറ്റവും മികച്ച യൂത്ത് അസോസിയേഷനായി തിരഞ്ഞെടുക്കപ്പെട്ട മണർകാട് സെന്റ് മേരീസ് യൂത്ത് അസോസിയേഷന് ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. ടിജു വർഗീസ് വെള്ളാപ്പള്ളി മെമന്റോ നൽകുന്നു.

വിവാഹ ആശംസകൾ

വെള്ളൂർ അണിയംകുളത്ത് പരേതനായ എ. സി. ചാക്കോയുടെയും ഏലിയാമ്മ ചാക്കോയുടെയും മകൻ അജോഷ് ഏബ്രഹാമും കച്ചേരിപ്പടി കൊല്ലന്നൂർ കെ. പി. ജോയിയുടെയും പരേതയായ ലിസി കുറിയാക്കോസിന്റെയും മകൾ ജിജി കെ. ജോയിയും മണർകാട് വി. മർത്തമറിയം കത്തീഡ്രലിൽ വിവാഹിതരായി. അഭി. ഗീവർഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ആശീർവദിച്ചു. വെള്ളൂർ സെന്റ് മേരീസ് സൗത്ത് സണ്ടേ സ്കൂൾ അധ്യാപകനാണ് അജോഷ്.

സെയ്ഫോ അടിസ്ഥാനമാക്കി സ്വീഡനിലെ കുട്ടികൾ വരച്ച ചിത്രം പരിശുദ്ധ പാത്രിയർക്കീസ് ബാവായ്ക്ക് കൈമാറുന്നു.

2-ാം ചരമവാർഷികം
09.06.2015

കെ. കെ. തോമസ്
കപ്യാരുപറമ്പിൽ
മണർകാട്

രണ്ടാം ചരമവാർഷികം
29.05.2015

കെ. സി. കോര (കുഞ്ഞൂഞ്ഞ്)
കന്നുകുഴിയിൽ, മണർകാട്

സുന്നഹദോസ് സമാപിച്ചു

പുത്തൻകുരിശ്: മലങ്കര യാക്കോബായ സുറിയാനി സഭയുടെ വാർഷിക സുന്നഹദോസ് മെയ് 18,19 തീയതികളിൽ പുത്തൻകുരിശ് പാത്രിയർക്കാ സെന്ററിൽവെച്ച് നടത്തപ്പെട്ടു. കിഴക്കിന്റെ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തയുമായ ആബൂൻ മോർ ബസേലിയോസ് തോമസ് പ്രഥമൻ ബാവായുടെ അദ്ധ്യക്ഷതയിൽ സമ്മേളിച്ച സുന്നഹദോസിൽ സഭയിലെ എല്ലാ മെത്രാപ്പോലീത്തന്മാരും സംബന്ധിച്ചു. സഭയുടെ സമകാലീന വിഷയങ്ങളെക്കുറിച്ച് സുന്നഹദോസ് ചിന്തിക്കുകയും പെരുന്നാളുകളിലും വിവാഹങ്ങളിലും വർദ്ധിച്ചുവരുന്ന ആർഭാട പ്രവണതയെ നിയന്ത്രിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

ജൂൺ മാസത്തിൽ നടത്തപ്പെടുന്ന ആകമാന സഭാസുന്നഹദോസിലും മൂറോൻ കൂദാശയിലും പങ്കെടുക്കുവാൻ ആവശ്യമായുള്ള ക്രമീകരണങ്ങളെക്കുറിച്ചും സുന്നഹദോസ് ചിന്തിച്ചു. മൂറോൻ കൂദാശയിൽ സംബന്ധിക്കുവാൻ ആഗ്രഹിക്കുന്ന സഭാംഗങ്ങൾക്ക് പുത്തൻകുരിശിലെ സഭാ ആസ്ഥാനവുമായി ബന്ധപ്പെട്ടാൽ കൂടുതൽ വിവരങ്ങൾ ലഭ്യമാകുന്നതാണ്. വനിതാസമാജത്തിന്റെ ചുമതല അഭി. കുര്യാക്കോസ് മോർ യൗസേബിയോസ് മെത്രാപ്പോലീത്തായ്ക്ക് നൽകപ്പെട്ടു.

അഖില മലങ്കര പ്രാർത്ഥനാ യജ്ഞം

കുറുപ്പുംപടി: മലങ്കര യാക്കോബായ സുറിയാനി സഭയുടെ ആഭിമുഖ്യത്തിൽ വിവിധ ദൈവാലയങ്ങളിൽ നടത്തി വരാറുള്ള പ്രാർത്ഥനായജ്ഞം മെയ് 23 ശനിയാഴ്ച കുറുപ്പുംപടി സെന്റ് മേരീസ് യാക്കോബായ സുറിയാനിപള്ളിയിൽവെച്ച് നടത്തപ്പെട്ടു. കിഴക്കിന്റെ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായ ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ ബാവാ സമ്മേളനം ഉദ്ഘാടനം ചെയ്തു. നൂറുകണക്കിന് വിശ്വാസികളും വൈദീകരും സംബന്ധിച്ചു.

കോട്ടയത്തു പ്രവർത്തിക്കുന്ന സഭാസമാധന സമിതിയുടെ നിർ ദ്ദേശം പ്രാവർത്തികമാക്കണമെന്ന് ശ്രേഷ്ഠ ബാവാ ഉദ്ബോധിപ്പിച്ചു. രണ്ടു സഭകളായി പിരിയുകയാണ് ശാശ്വത സമാധാനത്തിന് പ്രായോഗിക മാർഗ്ഗമെന്ന് ഈ സമിതി വിലയിരുത്തിയിട്ടുണ്ട്. ഇരു സഭകളിലെയും സമാധാന കാംക്ഷികൾ ആഗ്രഹിക്കുന്നതും അതുതന്നെയാണെന്നും ശ്രേഷ്ഠ ബാവാ പറഞ്ഞു. വിശ്വാസ സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് വിശ്വാസ സംരക്ഷണ സമിതിയുടെ പ്രസിഡന്റ് അഭി. ഏലിയാസ് മോർ അത്താനാസിയോസ് മെത്രാപ്പോ ലീത്താ പ്രസംഗിച്ചു. ഈ കാലഘട്ടത്തിൽ സഭ നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് അഭി. തിരുമേനി ഓർമ്മിപ്പിച്ചു.

എഡിറ്റോറിയൽ

പുതിയ അധ്യയനവർഷം വിജയകരമാകട്ടെ

പുതിയൊരു അദ്ധ്യയനവർഷം ആരംഭിക്കുകയാണല്ലോ? പുതിയ വർഷത്തിൽ എന്താണു നമുക്ക് ആവശ്യമായിട്ടുള്ളത് ഒരു നല്ല തുടക്കം. കുട്ടികളെ സംബന്ധിച്ചിടത്തോളം പുതിയ ബാഗ്, പുതിയ കുട, പുതിയ ബുക്കുകൾ, പുതിയ ക്ലാസ് എല്ലാം പുതിയതായി തുടങ്ങുമ്പോൾ നാം മാത്രം പഴയതായി ഇരുന്നിട്ട് കാര്യമില്ലല്ലോ? നാമും പുതിയതായി തീരണം. അതിന് നമുക്ക് നല്ല മാതൃകകൾ അനുകരിക്കണം. എന്താണ് നമുക്ക് അനുകരിക്കുവാനുള്ളത് ക്ഷമ, കഠിനാദ്ധ്വാനം, ദൈവാധീനം മൂലമാണ് ഉന്നതവിജയം നേടാൻ കഴിഞ്ഞത് ഓരോ വിജയത്തിനു പിന്നിലും ഈ കാര്യങ്ങൾ നമുക്ക് കാണുവാൻ സാധിക്കും. ഇത് നമുക്കും കൈവരിക്കുവാൻ കുട്ടികൾ നന്നായി കഠിനാദ്ധ്വാനം ചെയ്യണം. ടെൻഷൻ ഇല്ലാതെ സമാധാനമായിരുന്ന് നമ്മുടെ കാര്യങ്ങൾ ചെയ്തു തീർക്കുവാൻ സാധിക്കണം. മാതാപിതാക്കൾക്കും ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതുണ്ട്, കുട്ടികൾക്ക് വിജയം കൈവരിക്കുന്നതിനാവശ്യമായ സാഹചര്യം ഉണ്ടാക്കിക്കൊടുക്കുക. എന്താണ് അനുകൂല സാഹചര്യങ്ങൾ? കുട്ടികളിൽ അമിതമായ ടെൻഷൻ ഉണ്ടാക്കുന്ന തരത്തിൽ പഠനഭാരം അവരിൽ കേന്ദ്രീകരിക്കാത്ത രീതിയിൽ അവരുടേതായ ശൈലിയിൽ അവർക്ക് ടൈം ടേബിൾ ക്രമീകരിക്കുക. സാധാരണ ഒരു മനുഷ്യന്റെ ഒരു ദിവസം 3 ആയി തിരിച്ചിരിക്കുന്നതുപോലെ (8 മണിക്കൂർ ജോലി, 8 മണിക്കൂർ വിശ്രമം, 8 മണിക്കൂർ ഉറക്കം) കുട്ടികളുടെയും പഠനത്തിൽ ഈ രീതി ക്രമീകരിയ്ക്കുക. അവർ കൂടുതൽ ജോലി ചെയ്താൽ അവർക്ക് വിശ്രമത്തിനും ഉറക്കത്തിനും ആവശ്യമായ സമയം ലഭിക്കാതെ വരും, അത് പിന്നീട് അവർക്ക് ദോഷം ചെയ്യുവാൻ കാരണമാകും. കഠിനാദ്ധ്വാനം ആണ് വേണ്ടത്, അമിതാദ്ധ്വാനം അല്ല. കൂടാതെ വീടുകളിൽ കുട്ടികൾക്ക് പഠിയ്ക്കുന്നതിനാവശ്യമായ സാഹചര്യം ഉണ്ടാക്കിക്കൊടുക്കുക. കുട്ടികൾക്ക് പഠിക്കുവാൻ അവരുടേതായ ഒരു ഇടം ഉണ്ടാക്കി കൊടുക്കുക. പക്ഷേ അത് നമ്മുടെ ശ്രദ്ധ എത്തുന്നിടത്തായിരിക്കണം എന്നുമാത്രം. കുട്ടികളും തങ്ങളുടെ പഠനത്തിൽ സമയം ക്രമീകരിയ്ക്കുമ്പോൾ ഒരു കാര്യം ശ്രദ്ധിക്കണം, പഠിക്കുമ്പോൾ അതിൽതന്നെ ശ്രദ്ധിക്കണം. പഠനസമയത്ത് അശ്രദ്ധയുണ്ടാവുന്ന എന്തെങ്കിലും ഭവനാന്തരീക്ഷത്തിൽ ഉണ്ടെങ്കിൽ അത് മാതാപിതാക്കളോട് തുറന്നു പറയണം. ചെയ്യുന്ന ജോലിയിൽ മനസ്സ് കേന്ദ്രീകൃതമായിരിക്കണം. പഠിയ്ക്കുമ്പോൾ പഠനത്തിൽ, കളിയ്ക്കുമ്പോൾ കളികളിൽ അപ്പോൾ നമുക്ക് നമ്മുടെ ജീവിതത്തിൽ വിജയം വരിക്കാൻ സാധിക്കും. യഹോവ ഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു എന്നുള്ള ദൈവവചനം നാം മറന്നുപോകരുത്. സ്കൂളുകളിൽ പോകുമ്പോൾ പരിശുദ്ധാത്മാവുള്ളവരായി ഒരു നല്ല തുടക്കം നമുക്ക് ലഭിക്കാൻ പ്രാർത്ഥിക്കാം.

ഒരു വർഷകാലം ആരംഭിക്കാൻ പോകുന്ന ഈ സമയത്ത് ഗവൺമെന്റ് നാടും നഗരവും ശുചീകരിക്കുവാൻ നടത്തുന്ന പ്രവർത്തനങ്ങളിൽ നമുക്കും പങ്കാളികളാകാം. നമ്മുടെ വീടും പരിസരവും വഴികളും ഒക്കെ വൃത്തിയായി സൂക്ഷിക്കുവാൻ നമുക്ക് ശ്രമിക്കാം. കൂടാതെ ലോകപരിസ്ഥിതിദിനത്തോടനുബന്ധിച്ച് ലോകം മുഴുവൻ പുതിയ വൃക്ഷത്തൈകൾ നടുമ്പോൾ നമുക്കും അതിൽ ഭാഗഭാക്കാകാം. നാം നൂറു ചെടികൾ പച്ചപ്പിടിച്ചാലെ അതിൽനിന്നും ഒന്നോ രണ്ടോ വളർന്ന് ഒരു മരമായി തീരുകയുള്ളൂ. വീടിനും നാടിനും, സമൂഹത്തിനും പ്രകൃതിയ്ക്കും അനുയോജ്യരായി വസിച്ച് ഒരു നല്ല ലോകം പടുത്തുയർത്താൻ പുതിയ അദ്ധ്യയനവർഷവും പുതിയ കാലവർഷവും, ഭൗമദിനവും നമ്മെ പ്രാപ്തരാക്കട്ടെ. അങ്ങനെ നമുക്കും വിജയികളാവാം.

എഡിറ്റോറിയൽ ബോർഡ്

സമാധാനദൂതൻ (പേജ് 3-ൽനിന്നും)

തോടെ വിദേശികളായ ക്രൈസ്തവർ ഇവിടെ സന്ദർശിച്ചു തുടങ്ങി. കൊല്ലത്തെ കുരുമുളക് കച്ചവടത്തിന്റെ കുത്തക നാട്ടുകാരായ ക്രിസ്ത്യാനികൾക്കായിരുന്നു എന്ന് കണ്ട സന്ദർശകർ ഇവിടെ അക്കാലത്തുതന്നെ നിലനിന്നിരുന്നു മതനിരപേക്ഷതയെക്കുറിച്ച് അത്ഭുതം കൂറി കേരളത്തിലെ നാടുവാഴികളും രാജാക്കൻമാരും പൊതുസമൂഹവും ക്രിസ്തുമതം സ്വീകരിച്ചവരെയോ വിദേശത്തുനിന്ന് വന്ന് ക്രൈസ്തവരെയോ മാറ്റി നിർത്തിയില്ല. പോർച്ചുഗീസുകാർ വരുന്നതുവരെ മതഭേദത്തിനൊപ്പം ഏകമതഭേദവും നമ്മുടെ നാടിനെ അടയാളപ്പെടുത്തി. അവിടെയുള്ള പള്ളികളുടെയൊക്കെ ഭൂമി ഒട്ടുമുക്കാലും ഇവിടെത്തെ ഭരണാധികാരികളും ഹൈന്ദവ ജന്മികളും കരവൊഴിവായും സൗജന്യമായും നൽകിയതാണ്. ഇന്നും മധ്യകേരളത്തിൽ അമ്പലങ്ങളിലെ ഉത്സവങ്ങളും പള്ളികളിലെ പെരുന്നാളുകളെയും സമൂഹം പൊതുവായി ഏറ്റെടുക്കുന്നുണ്ടല്ലോ.

ഈ രാജ്യത്തെക്കുറിച്ച് ആഴത്തിൽ ഗ്രഹിച്ച വ്യക്തിയാണ് അപ്രേം ദ്വിതീയൻ. അതുകൊണ്ടാണ് അദ്ദേഹം ഭാരതീയ മത നിരപേക്ഷത ഉപരിപ്ലവമായ ഒരു ആധുനികതയല്ല് എന്നും ഈ നാടിന്റെ ആത്മാവിന്റെ അടയാളമാണത് എന്നും പ്രസംഗിച്ചത്. ഐസിസ് ഭീകരത നേരിട്ടറിയുകയും ഓട്ടോമൻ വംശഹത്യ സഭാ ചരിത്രത്തിൽ പഠിച്ചറിയുകയും ചെയ്ത ഒരാൾ ഭാരതത്തിലെ മതനിരപേക്ഷതയെക്കുറിച്ച് പ്രശംസാപൂർവ്വം സംസാരിച്ചത് നമ്മെ തെല്ലും അത്ഭുതപ്പെടുത്തേണ്ടതില്ല. ഭാരതീയതയെ പ്രശംസിക്കുകയും ഭാരതീയത്വത്തിൽ അഭിരമിക്കാൻ അനുയായികളെ ആഹ്വാനം ചെയ്യുകയും വഴിവർത്താനമാനകാല സങ്കീർണതകളെ അഭീമുഖീകരിക്കാനുള്ള ഒരു സന്മാർഗത്തിലേക്കാണ് അപ്രേം ബാവ വിരൽ ചൂണ്ടിയത്. രണ്ടാമത് ബാവാ ശ്രദ്ധക്ഷണിച്ചത് പരിസ്ഥിതി സംരക്ഷണത്തിലേക്കാണ്. കേരളത്തിൽ പണ്ടുണ്ടായിരുന്ന കാവുകൾ പോലെ ഓരോ പള്ളിയും അതിന്റെ ചുറ്റുവട്ടത്തെ പച്ചപുതപ്പിക്കാൻ മാരാമൺ കൺവെൻഷനിൽ ആഹ്വാനം ചെയ്ത ആ അതിഥി പമ്പാനദിയെ പുണ്യനദി എന്നാണ് വിശേഷിപ്പിച്ചത്. ഭാവിതലമുറകൾക്ക് വേണ്ടി ബാക്കിയാക്കാനുള്ള പ്രകൃതി വിഭവങ്ങളെ ആവശ്യത്തിൽ കവിഞ്ഞ ഉപഭോഗം കൊണ്ട് നശിപ്പിക്കരുത് എന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു. പർണശാലകളിലേക്ക് മടങ്ങുക എന്നൊന്നും അവിടുന്ന് പറഞ്ഞില്ല ആത്മനിയന്ത്രണത്തെക്കുറിച്ചായിരുന്നു ആ ഉദ്ബോധനം എയർകണ്ടീഷണറുകളുടെ ഉപയോഗിക്കരുതെന്നല്ല, ചൂടുകാലത്ത് ഒരു ഡിഗ്രി കൂട്ടിവെച്ചും തണുപ്പുകാലത്ത് ഒരു ഡിഗ്രികുറച്ചുവെച്ചും പരിസ്ഥിതിയോടുള്ള പ്രതിബദ്ധത തെളിയിക്കാനാണ് ബാവാ ആഗ്രഹിച്ചത്. കേരളത്തിലെ എല്ലാ വീടുകളിലും ഓരോ ബൾബ് വീതം കുറച്ച് കത്തിച്ചാൽ ടെലിവിഷൻ കാണുന്നത് ഒരുമണിക്കൂർ കുറച്ചാൽ ഇവിടുത്തെ വൈദ്യുതിയുടെ ഉപഭോഗം ഗണ്യമായി കുറയും എന്ന് ആ പ്രായോഗികമതി പറഞ്ഞു. ഇക്കാലത്തെ ക്രൈസ്തവ ധർമ്മത്തെക്കുറിച്ചാണ് മൂന്നാമതായി അദ്ദേഹം പറഞ്ഞത്. മതപരിവർത്തനമല്ല മന:പരിവർത്തനമാണ് പ്രധാനം. ക്രൈസ്തവർ ഈ ലോകത്തുനിന്നും ഓടിയൊളിക്കേണ്ടതില്ല. എന്നാൽ ലൗകീക മൂല്യങ്ങളും ഭൗതീക ലക്ഷ്യങ്ങളും ആകരുത് മതവിശ്വാസികളെ നയിക്കുന്നത്. ക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ സ്ഥാനപതികളാവണം. രണ്ട് സംഗതികൾ ബാവ എടുത്തോതി ഒന്ന് ഒരുവൻ നിനക്ക് ചെയ്തു തരണമെന്ന് നീ ആഗ്രഹിക്കുന്ന നന്മ നീ അവന് ചെയ്തു കൊടുക്കണം. ഈ ആശയം പുതിയതല്ല. കൺഫ്യൂഷസ് ക്രിസ്തു ജനിക്കുന്നതിന് അഞ്ച് നൂറ്റാണ്ടുകൾക്കു മുമ്പ് ഇതു പറഞ്ഞിരുന്നു. യഹൂദ റബ്ബിയായിരുന്ന ഹില്ലേൽ ആകട്ടെ ഇതു മാത്രം ആണ് ന്യായപ്രമാണം, ബാക്കിയെല്ലാം വ്യാഖ്യാനമാണ് എന്നുവരെ പറഞ്ഞു. ഇതൊക്കെ ഓർമ്മിപ്പിച്ചുകൊണ്ട് ബാവാ പറഞ്ഞത് ഋണാത്മകമായ ഈ സമീപനത്തെക്കാൾ ക്ലേശകരമായതാണ് ക്രിസ്തു അവതരിപ്പിച്ച് ധനാത്മക സമീപനം എന്നാണ്.

കൺഫ്യൂഷസും ഹില്ലേലും പറഞ്ഞത് പാലിക്കാൻ നിഷ്ക്രിയത്വം മതി ക്രിസ്തു ഒരു പടികൂടെ കടന്ന് സർഗാത്മകമായ നടപടികൾ ഉണ്ടാവണം എന്നാണ് പറഞ്ഞത്. പണ്ട് ഒരു റോമൻ പൗരന് അധിനിവേശ രാജ്യത്തിലെ പൗരനോട് ഭാരം വഹിച്ച് ഒരു നാഴിക ഒപ്പം നടക്കാൻ നിർബന്ധിക്കാൻ അവകാശം ഉണ്ടായിരുന്നു. അങ്ങനെ ഒരാൾ ആവശ്യപ്പെട്ടാൽ സ്വമനസ്സാലെ രണ്ട് മൈൽ നടക്കുന്നവനാണ് യഥാർത്ഥത്തിൽ ഈശ്വര വിശ്വാസി എന്ന് അപ്രേം ബാവ പറഞ്ഞു.

മലങ്കര സഭയിലെ പ്രതിസന്ധിയെക്കുറിച്ചും ബാവാ പറഞ്ഞു. കേരളത്തിലെ പൊതുസമൂഹത്തിന് താല്പര്യം ഉള്ള ആ വിഷയത്തെക്കുറിച്ച് പലപ്പോഴും പലയിടത്തും ആയി ബാവാ പറഞ്ഞത് ചേർത്തുവച്ചാൽ ഇക്കാര്യത്തിൽ അദ്ദേഹത്തിന്റെ നിലപാട് വായിച്ചെടുക്കാം എന്ന് സുപ്രീം കോടതി വിധിയനുസരിച്ച് ഒരു സഭയായി നിൽക്കാൻ കഴിയുമെങ്കിൽ അതാണ് നല്ലകാര്യം. എന്നാൽ ഇരുപത് സംവത്സരങ്ങളായി അത് അസാധ്യമാക്കുന്ന രീതിയിലാണ് കാര്യങ്ങൾ നടന്നത്. അതുകൊണ്ട് രണ്ട് സഭകളായോ ഒരേ സഭയിലെ രണ്ട് റീത്തുകളായോ നിൽക്കുന്നതിനെക്കുറിച്ച് ആലോചിക്കുകയുമാവാം പ്രായോഗികം. രണ്ട് തീരുമാനം ഏതായാലും അത് ഭാരതത്തിൽ തന്നെയാണ് ഉണ്ടാകേണ്ടത്. ഫെസിലേറ്റർ എന്നതിനപ്പുറം പാത്രിയാർക്കീസ് ഇക്കാര്യത്തിൽ ഏറെയൊന്നും ചെയ്യാനില്ല. ആ നിലയിൽ അദ്ദേഹം മുൻകൈ എടുത്ത് തന്നോട് വിധേയത്വം കാണിക്കുന്ന വിഭാഗത്തിലെ അഞ്ച് മെത്രാൻമാരെ അനുരജ്ഞനയത്നങ്ങൾക്ക് ചുമതലപ്പെടുത്തി. മൂന്ന് വസ്തുവകകൾ പങ്കിടുന്നതിലല്ല മനസ്സ് പങ്കുവെച്ച് ഐക്യമത്യപ്പെടുന്നതിലാണ് യഥാർത്ഥ സമാധാനം കാണേണ്ടത്. ആ മാനസിക ഐക്യം ഉണ്ടാക്കിയെടുക്കാൻ വസ്തുവകകളെക്കുറിച്ച് സംസാരിക്കേണ്ടിവരും അവിടെ അവകാശങ്ങൾ അടിയറവ് വെയ്ക്കാനും കടമകളെ അതിജീവിച്ച്സേവന മനോഭാവം സൃഷ്ടിക്കാനും സഭാംഗങ്ങൾക്ക് കഴിയണം, ത്യാഗത്തിലാണ് ഭാഗ്യം തുടങ്ങുന്നത്. മലങ്കരയിലെ ഇരു വിഭാഗങ്ങളും അവരവരുടെ ഭരണഘടനയിനുസരിച്ച് തന്നെ ബഹുമാനിക്കുന്നുണ്ട് എന്ന് തിരിച്ചറിഞ്ഞ ബാവ ഒരു പടികൂടി കടന്ന് മറ്റൊന്നുകൂടി പറഞ്ഞു. സുപ്രീം കോടതി ശരിവെച്ച 1934 ലെ ഭരണ ഘടനയിൽ തനിക്കുള്ള അധികാരവകാശങ്ങൾ ഭാവിയിൽ ഭരണഘടനാ ഭേദഗതി മൂലം ഇല്ലാതാക്കിയാലും താൻ ഖിന്നനാവുകയോ തനിക്ക് നിരാശ ഉണ്ടാവുകയോ ചെയ്യുകയില്ല. സമാധാന ദൂതൻ വന്നു എന്നു മാധ്യമപ്രവർത്തകനായ എം. ജി. രാധാകൃഷ്ണൻ കുറിച്ചത് വെറുതെയല്ല.

സംഗീതം ആത്മശരീരമനസുകൾക്ക് സൗഖ്യദായകം

അലൻ വർഗീസ് വാലയിൽ M.Sc.

യെശയ്യാ 6-ാം അധ്യായത്തിൽ മാലാഖമാർ കാദീശ് ഗാനങ്ങളാൽ ദൈവത്തെ മഹത്വപ്പെടുത്തുന്നത് നമുക്ക് ദർശിക്കാം. പഴയ നിയമസഭയുടെ ആരാധനയിലും നിത്യജീവിതത്തിലും ഗാനങ്ങൾക്ക് പ്രമുഖ സ്ഥാനമാണ്. സങ്കീർത്തനങ്ങൾ എബ്രായ ഭാഷയിൽ കീർത്തനങ്ങൾ ആയി ആണ് ആലപിച്ചിരുന്നത്. വാദ്യ ഉപകരണങ്ങൾ ഉപയോഗിക്കുന്നത് സംബന്ധിച്ചുള്ള നിർദ്ദേശമാണ് സങ്കീർത്തനത്തിൽ നാം കാണുന്ന സേല . വിളവെടുപ്പിന്റെ സമയത്തും, രാജാവ് യുദ്ധം ജയിച്ചു മടങ്ങി വരുമ്പോ അവനെ എതിരേൽക്കാനും വ്യത്യസ്തങ്ങൾ ആയ സാഹചര്യങ്ങളിൽ ഉപയോഗിക്കുവാൻ സങ്കീർത്തനങ്ങൾ അവർ രചിച്ചു. സുറിയാനി സഭയുടെ ആരാധനയിലും സങ്കീർത്തനങ്ങൾ പ്രാധാന്യമുണ്ട്. എല്ലാ യാമപ്രാർത്ഥനകളിലും കൂദാശകളിലും സങ്കീർത്തനങ്ങൾ പിതാക്കന്മാർ ക്രമീകരിച്ചു.

ലോകത്ത് ഒരു സഭയ്ക്കും ഇതുപോലെ ആരാധനാ ഗീതങ്ങൾ ഇല്ല. ഈ ഗീതങ്ങൾ ഓരോ ദയറാകളിലും വ്യത്യസ്ത രീതികളിൽ ആണ് ആലപിച്ചിരുന്നത്. സഭയിൽ മൂന്ന് പ്രാർത്ഥനാ ശൈലികൾ നിലനിൽക്കുന്നു. തൂറബ്ദീൻ മൂസൽ, എഡെസാ, മോർ അഫ്രേമിനെയും, മോർ യാക്കോബിനെയും ബാലായിയെയും പോലെ അനേക പിതാക്കന്മാർ പാട്ടുകൾ രചിച്ചു. ഭക്തരായ അനേകം ആളുകൾ യേശുവിനെക്കുറിച്ച് മനോഹര കീർത്തനങ്ങൾ രചിച്ചു. അവ ഇന്നു കാലത്തെ അതിജീവിച്ചു നിലനിൽക്കുന്നു. വർഷങ്ങൾക്ക് മുമ്പ് സന്ധ്യാ സമയങ്ങളിൽ ക്രൈസ്തവ ഭവനങ്ങളിൽനിന്ന് മനോഹരങ്ങളായ സീയോൻ ഗീതങ്ങൾ കേൾക്കാമായിരുന്നു. എന്നാൽ ഇന്ന് ഹൈന്ദവ ഭവനങ്ങളിൽനിന്ന് നാമജപം ഉയരുമ്പോൾ നാം സീരിയൽ കണ്ടു കരയുകയാണ്.

ഗാനങ്ങൾക്ക് നാം അധിവസിക്കുന്ന ഈ ഭൂമിയിൽ മനുഷ്യനോളം തന്നെ പഴക്കമുണ്ടെന്ന് പൊതുവെ വിശ്വസിക്കപ്പെടുന്നു. എന്നാൽ തിരുവെഴുത്തിൻ പ്രകാരം മനുഷ്യോൽപത്തിക്കുതന്നെ അത്യന്തനായ ദൈവത്തിന്റെ സന്നിധിയിൽ സെറാഫിൻ സംഘം സർവ്വദാ സ്തുതിഗീതങ്ങൾ ആലപിക്കുന്നതായി നാം വിശ്വസിച്ചുപോരുന്നു. ഒരു പക്ഷേ, ഈ സ്വർലോക ഗീതങ്ങളുടെ ശ്രുതിമധുരമായ പ്രതിധ്വനികൾ ആദിമാതാപിതാക്കൾക്ക് (പറുദീസായിൽനിന്നും പുറാത്താക്കപ്പെടുന്നതിനു മുമ്പേ) ഉണർത്തു പാട്ടുകളായുരുന്നിരിക്കാം.

2000 വർഷങ്ങൾക്കു മുമ്പേ യേശുക്രിസ്തുവിന്റെ ജനനത്തിങ്കൽ തങ്ങളുടെ ആട്ടിൻപറ്റത്തെ കാവൽ ചെയ്ത് പാർത്തിരുന്ന ഇടയൻമാർക്ക് സർവ്വജനത്തിനുമുണ്ടാകുവാനുള്ള മഹാസന്തോഷം വിളംബരം ചെയതത് സെറാഫിൻ സംഘത്തിന്റെ പാട്ടിലൂടെയാണ് - അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം ഭൂമിയിൽ ദൈവപ്രസാദമുള്ളവർക്ക് സമാധാനം.

വരുവാനുള്ള പുത്തൻ യരുശലേം വാഴ്ചയിൽ സ്വർഗ്ഗീയ സംഘവും വിളിക്കപ്പെട്ട വിശുദ്ധന്മാരും ചേർന്ന് പെരുവെള്ളത്തിന്റെ ഇരച്ചൽപോലെ ഹലേലൂയ്യ ഗാനം പാടി സദാകാലം വാഴാമെന്നുള്ള പ്രത്യാശയിൽ നോക്കിപ്പാർത്തു കഴിയുകയാണ് ഇഹലോക വിശുദ്ധൻമാർ.

പ്രാകൃത മനുഷ്യൻ, പ്രകൃതിയിൽ കേൾക്കാനിടയായ മധുരസ്വരങ്ങൾ, വൃക്ഷലതാദികളുടെ ദല മർമ്മരങ്ങൾ, കാട്ടുചോലകളുടെ കളകളാരവം, പക്ഷികളുടെ കളകൂജനങ്ങൾ ഇവയെല്ലാം തന്നെ നൈസർഗ്ഗികമായി അവനിൽ കുടികൊണ്ടിരുന്ന ദൈവീകമായ സംഗീതവാസനയെ തൊട്ടുണർത്തികാണും. തൽഫലമായി കാട്ടിലെ പാഴ്മുളകൾ, കാട്ടുവള്ളികൾ, മരക്ഷണങ്ങൾ, മൃഗങ്ങളുടെ തോൽ, കൊമ്പുകൾ ഇവയെല്ലാം ചേർത്ത് മനസ്സിണങ്ങിയ സംഗീതോപകരണങ്ങൾ തീർത്തു! പ്രാകൃതവും ചടുലവുമായ നൃത്തചുവടുകളുടേയും വായത്താരുകളുടേയും അകമ്പടിയോടെ സംവിധാനം ചെയ്ത് കലയുടെ ആദ്യപാഠങ്ങൾ അവതരിപ്പിച്ചു. അത്രയും നല്ലത് എന്ന് അവൻ തിരിച്ചറിഞ്ഞു. പോരായ്മകൾ പരിഹരിച്ച് സഹസ്രാബ്ദങ്ങളിലൂടെ സംസ്കരിച്ചെടുത്ത നാദപ്രപഞ്ചമാണ് ഇന്നത്തെ സമൂഹത്തിന്റെ നിലനിൽപിന്റെ അവിഭാജ്യഘടകമായി പരിണമിച്ചിട്ടുള്ള ഗാനങ്ങൾ, പ്രസിദ്ധങ്ങളായ ഭജനകൾ ലതാമങ്കേഷ്കറും ഗാനകോകിലും എം. എസ്. സുബ്ബലക്ഷ്മിയും പാടിയിട്ടുണ്ട് Lead kindly light amidst the encircling gloom എന്ന ഇംഗ്ലീഷ് പാട്ട് ഗാന്ധിജിക്ക് ഏറെ പ്രിയമായിരുന്നു. ഹിന്ദുസ്ഥാനി ഗസലുകൾ അത്യന്തം ഹൃദ്യങ്ങളായ ഗാനങ്ങളാണ്. അന്ധനായിരുന്ന ബിഥോവന്റെ സിംഫണികൾ ലോകപ്രസിദ്ധങ്ങളാണ്. ദൈവത്തിന്റെ വരദാനമായ സംഗീത വാസനയെ ദുരുപയോഗം ചെയ്തിട്ടുള്ളവർ, ലോകപ്രസിദ്ധപോപ്പ് ഗായകനായ മൈക്കിൾ ജാക്സനെപ്പോലെ നാശ ഗർത്തത്തിൽ നിപതിച്ച ചരിത്രം നമുക്കു ചുറ്റും ധാരാളമുണ്ട്.

കേവലം വിനോദത്തിനുള്ള മാധ്യമമാണ് സിനിമ. അനേകലക്ഷം ഗാനങ്ങൾ ഈ മാധ്യമത്തിലൂടെ പിറവിയെടുത്തിട്ടുണ്ട്. അതിൽ ഭൂരിപക്ഷ ഗാനങ്ങളും ഉല്ലാസദായകങ്ങളായ മെലഡികളാണ്. എന്നാൽ അനേകം ഭക്തി ഗാനങ്ങളും തത്വചിന്താഗാനങ്ങളും ഈ ഗാനശേഖരത്തിൽപ്പെടുന്നു.

ദൃശ്യമാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്ന റിയാലിറ്റിഷോ സംഗീതഭ്യാസത്തിന് കുട്ടികൾക്കും മാതാപിതാക്കൾക്കും പ്രോത്സാഹനം നൽകുന്നു. എന്നാൽ സംഗീതോപാസന എന്നതിലുപരി പണത്തിനും പ്രസിദ്ധിക്കും വേണ്ടിയുള്ള കിടമത്സരങ്ങൾ ഗുണത്തേക്കാൾ ദോഷമാണ് സമൂഹത്തിനു സമ്മാനിക്കുക. പരാജയം എറ്റുവാങ്ങുന്നവരുടെ നിരയ്ക്ക് നിരാശയും ഉത്കണ്ഠയുമാണ് പ്രതിഫലം, സ്ക്കൂൾ കലാശാല സംഗീതമത്സരങ്ങളുടെ പരിണിതയഫലവും വിഭിന്നമല്ല!

സംഗീത ചികിത്സ ആധുനീക ചികിത്സരീതിയുടെ ഭാഗമായി തീർന്നിട്ടുണ്ട്. പിരിമുറുക്കം, ഉത്കണഠ, വിഷാദം എന്നീ മാനസിക തകരാറുകൾക്കു സംഗീത ചികിത്സ രീതി മൂലം ആശ്വാസം ലഭിക്കുന്നു എന്ന് കണ്ടെത്തിയിട്ടുണ്ട്. സപ്തസ്വരങ്ങളിൽ ചിട്ടചെയ്ത കർണാട്ടിക് ഗാനങ്ങളാണ് മലയാളികളിൽ ഭൂരിഭാഗവും അഭ്യസിക്കുന്നത്. ഉദാഹരണം: ത്യാഗരാജ, മുത്തുസ്വാമി ദീക്ഷിതർ, സ്വാതിതിരുനാൾ കൃതികൾ. ഇവകൂടാതെ മനസ്സിനിണങ്ങിയ ലളിതഗാനങ്ങളും ഭക്തിഗാനങ്ങളും സിനിമഗാനങ്ങളും അഭിരുചിക്കനുസരിച്ച് 20 മുതൽ 45 മിനിട്ടു വരെ കേൾക്കണമെന്നാണ് സിദ്ധയോഗ ചികിത്സകൾ നിർദ്ദേശിക്കുന്നത് . ഉറങ്ങാൻ പോകുന്നതിന് മുമ്പ് ഇഷ്ടഗാനങ്ങൾ 20 മിനിറ്റു ശ്രവിച്ചാൽ നല്ല് ഉറക്കം ലഭിക്കുമെന്നും അവർ അവകാശപ്പെടുന്നു.

ദൃശ്യമാധ്യമങ്ങൾ ദിനചര്യകളെ തകിടം മറിക്കുമ്പോൾ, റേഡിയോ ശ്രവിക്കുന്ന താരതമ്യേന അഭികാമ്യമാണ്. പരസ്യങ്ങളുടെ അതിപ്രസരമതിലില്ലല്ലോ. ട്രാൻസിസ്റ്റർ റേഡിയോ നമ്മുടെ പണിസ്ഥലങ്ങളിലും വിശ്രമസ്ഥലത്തും ഇഷ്ടംപോലെ മാറ്റി പ്രതിഷ്ഠിക്കാമല്ലോ. പ്രത്യേകിച്ചും വയോധികർക്ക് ഈ മാധ്യമം ഏറെ പ്രിയമാണ, ക്രിസ്മസ് ഈസ്റ്റർ ഗാനങ്ങൾ, ഗായകസംഘഗാനങ്ങൾ ശാസ്ത്രീയ ലളിതഗാനങ്ങൾ, ശാസ്ത്രീയ ലളിതഗാനങ്ങൾ, ഓണപ്പാട്ടുകൾ സുഭാക്ഷിതങ്ങൾ ഇങ്ങനെ വിനോദവും വിജ്ഞാനവും റേഡിയോ ശ്രവിക്കുന്നതിലൂടെ ലഭിക്കുന്നു. സംഗീതം തുടർച്ചയായി ശ്രവിക്കുന്ന പശുക്കൾ കൂടുതൽ പാൽ ചുരത്തുമെന്നും, ഫലവൃക്ഷങ്ങൾ കൂടുതൽ ഫലങ്ങൾ പുറപ്പെടുവിക്കുമെന്നും പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

ശാസ്ത്രീയമായ പഠനങ്ങൾ ഇല്ലാതിരുന്ന പഴയകാലത്ത്, നമ്മുടെ പൂർവ്വികർ ഏഴുവെളുപ്പിനെ എഴുന്നേറ്റ് മനമേ പക്ഷിഗണങ്ങളുർന്നിതാ പാടുന്നു ഗീതങ്ങൾ തുടങ്ങി അരമണിക്കൂറിലേറെ ഗാനങ്ങൾ പാടി നാഥന്റെ സന്നിധിയിൽ സമ്പൂർണ്ണമായി സമർപ്പിച്ചു പ്രാർത്ഥിക്കുമ്പോൾ അന്നന്നത്തേക്കുള്ള പ്രവർത്തനങ്ങൾക്കുള്ള ഊർജ്ജം വിറ്റാമിൻ ഗുളികകളുടെ സഹായമില്ലാതെ സിരകളിൽ കത്തിക്കയറും. എന്നും സന്ധ്യാവേളകളിൽ പകലത്തെ അദ്ധ്വാനം എല്ലാം കഴിഞ്ഞ് കുളിച്ചു ശുദ്ധമായി കുടുംബസമേതം

ഇന്നുപകൽ മുഴുവൻ കരുണയോടെ എന്നെ സൂക്ഷിച്ചവനെ തുടങ്ങി ഏതാനും പാട്ടുകൾ പാടി തിരുവചനം വായിച്ച് പ്രാർത്ഥിക്കുമ്പോൾ നാളെയെക്കൊണ്ടെൻ മനസ്സിൽ ലവലേശം ഭാരമില്ലാതെ ഒരു ശിശുവിന്റെ ശാന്തയോടെ, ഉറക്ക ഗുളികളുടെ സഹായമില്ലാതെ സുഷുപ്തിയിലേക്ക് വഴുതിവീഴുമായിരുന്നു.

ബൈബിളിലെ ഏറ്റവും വലിയ പാട്ടുപുസ്തകമാണ് സങ്കീർത്തനങ്ങൾ. ശലോമോന്റെ തനതായ രചനയാണല്ലോ ഉത്തമഗീതം. ഉപമ, രൂപകങ്ങളുടെയും ബൗദ്ധിക ജ്ഞാനത്തിന്റെയും ഒരു ആവിഷ്കാരമാണ് ഉത്തമഗീതം. ദാവീദിന്റെ സങ്കീർത്തനങ്ങളെ, ജീവിതത്തിലെ കഷ്ടപ്പാടുകളിലും സന്ദിഗ്ദ്ധാവസ്ഥകളിലും തന്നെ നിസ്സാരവൽക്കരിച്ച് കണ്ണുനീരോടെ ദൈവസന്നിധിയിൽ പാപക്ഷമ യാചിക്കുകയും ഉപകാരങ്ങൾക്ക് സ്തോത്രം കരേറ്റുകയും ചെയ്യുന്ന ഒരു ഭക്തന്റെ ആത്മാവിഷ്കാരമാണ്.

ഗാനങ്ങൾ രചിക്കുവാനും സംവിധാനം ചെയ്യുവാനും പാടുവാനുമുള്ള കഴിവ് ദൈവദത്തമായ വരദാനമാണ്. താലന്തുകൾ പലവിധത്തിലും അളവിലുമാണ് ഓരോരുത്തർക്കും ലഭിച്ചിട്ടുള്ളത്. എന്നാൽ ഒരു താലന്തു നിലത്തു കുഴിച്ചിട്ടവനെപ്പോലെ ദാനങ്ങളെ തുച്ഛീകരിക്കാതെ ആത്മസന്തോഷത്തിനും, അതിലുപരിയായി മറ്റുള്ളവർക്ക് മനശാന്തിക്കും മാനസാന്തരത്തിനും ഇടയാകുമാറ് വിനയത്തോടും പ്രാർത്ഥനയോടും ദൈവവിളിക്കായി നമുക്കു കാതോർക്കാം.

മഞ്ഞിനിക്കരയിൽ കബറടങ്ങിയിരിക്കുന്ന പരി. ഏലിയാസ് തൃതിയൻ ബാവാ ഇറാഖിൽ (1926-ലെ ചിത്രം)

പരി.പാത്രിയർക്കീസ് ബാവാ സ്വീഡൻ സന്ദർശിച്ചപ്പോൾ സ്വീഡൻ രാജാവ് കാൾ ഗുസ്താവ്, രാജ്ഞി സിൽവിയ, മോർ ജൂലിയോസ് അബ്ദിലാഹാദ് ഷാബോ, മോർ ദിയസ്കോറോസ് ബഞ്ചമിൻ അത്താശ്, മോർ ഡയനേഷ്യസ് ജീൻ കവാക്ക് എന്നിവർ സമീപം.

പരി.പാത്രിയർക്കീസ് ബാവായ്ക്ക് സ്വീഡനിൽ നൽകിയ സ്വീകരണം

കണ്ണടകൾക്കും
സൗജന്യ നേത്ര
പരിശോധനയ്ക്കും

Manarcad Opticals

Frames, Lens, Sun Glasses,
Contact lens - കളുടെ
അതിവിപുലമായ ശേഖരം

സൗജന്യ നേത്രപരിശോധന കംപ്യൂട്ടറിലൂടെ
വിശാലമായ പാർക്കിംഗ് സൗകര്യം

മണർകാട് ഒപ്റ്റിക്കൽസ്

PATTASSERIMADATHIL BLDG
NEAR BEST BAKERS,
K. K. ROAD, MANARCAD

Help Line: 808603588

AXIS
Digital land survey & consultancy
Opp: Collectorate, Kottayam 686 002
Mob: 94462 00979, 94465 00979
e-mail: axisurveyors@gmail.com, www.axissurveyors.in

• Digital land surveying & Contouring
• Soil Testing & Foundation Recommendation

Published by St. Maryís Youth Association, Manarcad : For Private Circulation only. Printed at Revi Printers, Kottayam